# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി 2/1401/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/10/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടായി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാടായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി 2/1401/2025 തീയ്യതി: 30/10/2025

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-08-2024 മുതൽ 10-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 20-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 20-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ സുരേഷ് ബാബു കെ.വി,ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്,
2.ശ്രീ ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
3.ശ്രീ നിഖിൽ കെ,ഓഡിറ്റർ,
4.ശ്രീ രവികൃഷ്ണൻ കെ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സഹീദ് കായിക്കാരൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ സുമേഷ് എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീ പി.കെ പ്രേമൻ | സെക്രട്ടറി | 29-04-2024 | 19-12-2024 |
| ശ്രീ അജിത്ത് കുമാർ വി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-12-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷംന ഉണ്ണിക്കൃഷ്ണൻ പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ മുരളീധരൻ വി.വി | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ സുനീഷ് കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.കവിത കെ | മെഡിക്കൽ ഓഫീസർ,പി എച്ച് സി മുട്ടം | 01-04-2024 | 31-03-2025 |
| ഡോ.സുജോയ് പി.വി | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു പി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാടായി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈമ എ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുതിയങ്ങാടി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ സുമേഷ് എം.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 14-10-2024 |
| ശ്രീ അജിത്ത് കുമാർ വി.പി | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2024 | 31-03-2025 |
| ഡോ.രശ്മി എൻ.ഇ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രീതി പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 12-08-2024 |
| ശ്രീ ദിജേഷ് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-08-2024 | 31-03-2025 |
| ശ്രീമതി ആശ സി.വി | ഫിഷറീസ് ഓഫീസർ | 01-04-2024 | 01-09-2024 |
| ശ്രീമതി മിനി നാരായണൻ പി.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-09-2024 | 01-12-2024 |

| | | | |
|---|---|---|---|
| ശ്രീമതി ആശ സി.വി | ഫിഷറീസ് ഓഫീസർ | 02-12-2024 | 31-03-2025 |
| ശ്രീമതി ഉദയകുമാരി വി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 07-04-2024 |
| ശ്രീമതി വിമല സി.എം | ഐ സി ഡി എസ് സൂപ്പർവൈസർ | 08-04-2024 | 07-08-2024 |
| ശ്രീമതി ചിത്രലേഖ എ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 08-08-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | Liability Inrespect Of Stale Cheque വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല | 1-1-3 |
| 5 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് B-11(b) Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-5 |
| 7 | ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | പ്രവൃത്തി പൂർത്തിയാകുന്നതിന് മുമ്പ് ആസ്തി ഹെഡിൽ തുക ഉൾപ്പെടുത്തി | 1-1-10 |
| 12 | പിരിയഡ് ഇൻകം ആയി രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2024-25 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയ ₹6296120 യുടെ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഗ്രാമസഭ | 1-11 |
| 24 | വസ്തു നികുതി പരിഷ്ക്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-12 |
| 25 | പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | 1-13 |
| 26 | പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ തെറ്റായി നൽകിയതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നു. | 1-14 |

| | | |
|---|---|---|
| 27 | നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകി | 1-15 |
| 28 | 60 ച.മീ ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകി. | 1-16 |
| 29 | ഒരേ ഉടമസ്ഥന്റെ പേരിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി | 1-17 |
| 30 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-18 |
| 31 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-19 |
| 32 | ലൈസൻസ്-ചുമത്തുന്നതിലെ അപാകങ്ങൾ | 1-20 |
| 33 | മത്സ്യ മാർക്കറ്റ് ലേല തുക ₹1,80,000 അടവാക്കിയില്ല. | 1-21 |
| 34 | ചേരിക്കള്ളി മഞ്ച ലേലം റദ്ദ് ചെയ്തത് വരുമാന നഷ്ടത്തിനിടയാക്കി. | 1-22 |
| 35 | ലേല കുടിശ്ശിക ₹5,82,731 ഈടാക്കേണ്ടതാണ്. | 1-23 |
| 36 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല.₹28,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 37 | വെള്ളക്കരം ഇനത്തിൽ കുടിശ്ശികയും പിഴയും ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 38 | പഞ്ചായത്തിലെ മിനി മാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും റിപ്പയർ-₹187700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 39 | സ്ടീറ്റ് ലൈൻ സ്ഥാപിക്കൽ-പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല. ₹1299560 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-27 |
| 40 | വെള്ളച്ചാൽ കെ ഡബ്ല്യു എ ലൈൻ മാറ്റൽ -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.₹110000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 41 | എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 42 | ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-₹131228 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 43 | വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് - വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 44 | എസ് എസ് കെ വിഹിതം നൽകൽ -മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-32 |
| 45 | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം(സ്പിൽ ഓവർ)-തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിച്ച തുകയിലും റീക്കൂപ്പ് ചെയ്ത തുകയിലും വ്യക്തത ഇല്ല- ₹46910 തടസ്സപ്പെടുത്തുന്നു. | 1-33 |
| 46 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹424917 തടസ്സപ്പെടുത്തുന്നു. | 1-34 |
| 47 | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം-തനത് ഫണ്ടിൽ അധികം തുക റീക്കൂപ്പ് ചെയ്തു- ₹17000 തടസ്സപ്പെടുത്തുന്നു | 1-35 |
| 48 | മുൻകൂർ തുക നൽകിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-36 |
| 49 | എം സി എഫ് വിപുലീകരണം - പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് പി.ഡബ്ല്യൂ.ഡി മാന്വലിൽ നിഷ്കർഷിച്ചത് | 1-37 |

| | | |
|---|---|---|
| | പ്രകാരമുള്ള പിഴ ഈടാക്കിയില്ല. | |
| 50 | ഭിത്തി/ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തിയാക്കിയ വയോജനവിശ്രമകേന്ദ്രം പകൽവീട് നിർമ്മാണം പ്രോജക്ട് ഉപേക്ഷിച്ചു- ₹288621 പാഴ് ചെലവായി. | 1-38 |
| 51 | നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചുവരുന്നു-പുനരുജ്ജീവന നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതര വീഴ്ച. | 1-39 |
| 52 | പത്താമുദയം-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹25350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 53 | സ്കൂളുകൾക്ക് ഗ്രീൻ ബോർഡ്-രേഖകളുടെ അഭാവത്തിൽ ₹1,92,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 54 | ബാലസഭാ പ്രവർത്തനങ്ങൾ-രേഖകളുടെ അഭാവത്തിൽ ₹14370 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 55 | പ്ലസ് ടു തുല്യത-വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ₹48300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 56 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല. ₹2,88,429 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-44 |
| 57 | മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല - ₹398060 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-45 |
| 58 | സി എസ് ആർ ഫണ്ട് (Corporate Social Responsibility Fund )വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-46 |
| 59 | മാടായി ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം | 1-47 |
| 60 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രികകൾ |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാടായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 08.07.2025 തീയതിയിലെ 153/2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 08.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാടായി ഗ്രാമപഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടായി ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
30.10.2025

### 1–1–1 ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസനിധി ഇനത്തിൽ ബി-2 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് തുകയും (₹17684) ബി-17ലെ ദുരിതാശ്വാസനിധി നീക്കിയിരിപ്പുമായി (₹18399) പൊരുത്തപ്പെടുന്നില്ല.

### 1–1–2 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

### 1–1–3 Liability Inrespect Of Stale Cheque വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല

Liability Inrespect Of Stale Cheque എന്ന ശീർഷകത്തിൽ (ബി 9 ഷെഡ്യൂൾ) നീക്കിയിരിപ്പായി രേഖപ്പെടുത്തിയ

₹43108യുടെ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല.

### 1-1-4 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് B-11(b) Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തി (ഉദാ-പ്രൊജക്ട് നമ്പർ- 264/25, 262/25) ഉണ്ടെങ്കിലും ആയതിന്റെ മൂല്യം ബാലൻസ് ഷീറ്റിലെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല.

### 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 06.07.2011-ലെ ജി.ഒ(എം.എസ്)നം.152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

### 1-1-6 ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

### 1-1-7 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹16467908യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2004949യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), മുൻവർഷത്തെ താരതമ്യ തുകകൾ (ചട്ടം 62(3)) എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വായ്പയിനത്തിൽ തുക ഒടുക്കാനില്ലാതിരുന്നിട്ടും വികസന ഫണ്ട് ജനറൽ ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ട് പ്രകാരം ₹509702 ഉറവിടത്തിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. വായ്പ നീക്കിയിരിപ്പില്ലാതെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

### 1-1-10 പ്രവൃത്തി പൂർത്തിയാകുന്നതിന് മുമ്പ് ആസ്തി ഹെഡിൽ തുക ഉൾപ്പെടുത്തി

2024-25 സാമ്പത്തിക വർഷം വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി കെ എസ് ഇ ബിക്ക് താഴെ പറയും പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|
| 296/25, അടുത്തില വണ്ണാംത്തടം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | ₹299946 |
| 297/25, വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കൽ | ₹999614 |

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ പ്രസ്തുത തുകകൾ രേഖപ്പെടുത്തിയിട്ടില്ല. അതാത് ആസ്തി ഹെഡുകളിലാണ് ഈ ചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാകുന്നതിന് മുമ്പ് ആസ്തി ഹെഡിൽ തുക ഉൾപ്പെടുത്തി.

## 1-1-11 പിരിയഡ് ഇൻകം ആയി രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ പ്രയർ പിരിയഡ് ഇൻകം ആയി ഐ 19 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ₹62697യുടെയും പ്രയർ പിരിയഡ് എക്സ്പെൻസ് ആയി ഐ 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ₹882060യുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-12 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2024-25 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയ ₹6296120 യുടെ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2024-25 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയ ₹6296120 ഏതൊക്കെ പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണെന്നോ ഫണ്ടിനം ഏതെന്നോ വ്യക്തമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 23.02.2024 തീയതിയിലെ യോഗത്തിലെ 2/23/24 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാടായി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 24.02.2024 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ 1/64/2024) 26.02.2024 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 1/65/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 07.03.2025 തീയതിയിലെ യോഗത്തിലെ 5/27/2025 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും 21.03.2025 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 92/2025 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ₹ | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 11907774 | 25147404 |
| വരവ് | 364470589 | 291870173 |
| ആകെ | 376378363 | 317017577 |
| ചെലവ് | 370723599 | 308799001 |
| നീക്കിയിരിപ്പ് | 5654764 | 8218576 |

പുതുക്കിയ ബജറ്റും യഥാർത്ഥ സാമ്പത്തിക നിലയും തമ്മിൽ വരവിലും ചെലവിലും വലിയ അന്തരം നിലനിൽക്കുന്നുണ്ട്. ബജറ്റ് അടങ്കലുകൾ യഥാർത്ഥ വരവ് ചെലവുമായി പരമാവധി താദാത്മ്യം പ്രാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹40308166 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹73900663 |
| ആകെ | ₹114208829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹57432755 |
| നീക്കിയിരിപ്പ് | ₹56776074 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹5502 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3386824 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 32798000 | 32798000 | 29063669 | 3734331 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 5878000 | 5878000 | 4517172 | 1360828 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | - | 13001000 | 13001000 | 8073608 | 4927392 |
| മെയിന്റനൻസ് ഗ്രാന്റ് ,നോൺ റോഡ് | - | 7285000 | 7285000 | 4634268 | 2650732 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ബേസിക്ക് | 4465458 | 9388110 | 13853568 | 7538410 | 6315158 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1,17,56,148 | 12350000 | 24106148 | 3818322 | 20287826 |
| എസ്.എസ്.എ | 1,02,807 | 3484 | 106,291 | 0 | 106,291 |
| ഐ.സി.ഡി.എസ് - കേന്ദ്രാവിഷ്കൃത വിഹിതം | 21,69,908 | 2703902 | 4873810 | 997825 | 3875985 |
| ഒ.ഡി.എഫ് | 118800 | 0 | 118800 | 0 | 118800 |
| വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ധന സഹായം (ബഡ്സ്) | 13,66,900 | 1555383 | 2922283 | 1600000 | 1322283 |
| ലൈഫ്-സംസ്ഥാന സർക്കാർ ഗ്രാന്റ് | 16,85,863 | 46500 | 1732363 | 0 | 1732363 |
| പ്രത്യേക ഗ്രാന്റ് (ഐ.സി.ഡി.എസ്) | 30000 | 0 | 30000 | 0 | 30000 |
| ഹെൽത്ത് ഗ്രാന്റ് - പി.എച്ച്.സി അടിസ്ഥാന സൗകര്യം | 12,79,804 | 510654 | 1790458 | 0 | 1790458 |
| ഹെൽത്ത് ഗ്രാന്റ് - | 5,54,488 | 743624 | 1298112 | 189123 | 1108989 |

| | | | | | |
|---|---|---|---|---|---|
| വെൽനസ്സെന്റേഴ്സ് | | | | | |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 2,70,794 | 0 | 2,70,794 | 0 | 2,70,794 |
| ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി (എസ്.സി.പി.) ബ്ലോക്ക് വിഹിതം (2014-15) | 7,50,000 | 0 | 7,50,000 | 0 | 7,50,000 |
| ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി (എസ്.സി.പി.) ബ്ലോക്ക് വിഹിതം (2013-14) | 6,37,500 | 0 | 6,37,500 | 0 | 6,37,500 |
| ഭവന നിർമ്മാണം (എസ്.സി.പി.) ജില്ലാ പഞ്ചായത്ത് | 5,60,000 | 0 | 5,60,000 | 0 | 5,60,000 |
| ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം (ജില്ലാ പഞ്ചായത്ത്) | 197923 | 0 | 197923 | 0 | 197923 |
| ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം (ബ്ലോക്ക് പഞ്ചായത്ത്) | 8061 | 0 | 8061 | 0 | 8061 |
| നിർമ്മൽ പുരസ്കാർ | 56,361 | 0 | 56,361 | 0 | 56,361 |
| ലൈഫ് | 3099263 | 1555383 | 4654646 | 1600000 | 3054646 |
| സ്വച്ഛ് ഭാരത് അഭിയാൻ (റൂറൽ & അർബൻ) | 0 | 582264 | 582264 | 582264 | 0 |

**വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെയും ഗ്രാന്റ് അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകങ്ങൾ താഴെ ചേർക്കുന്നു.**

1. വികസന ഫണ്ടിന്റെ പൊതുവിഭാഗം വിഹിതങ്ങളിൽ നിന്ന് ₹509702 കെ യു ആർ ഡി എഫ് സി (ലൈഫ് ഭവന പദ്ധതി) വായ്പ തിരിച്ചടവ് ഇനത്തിലും (വായ്പ നിലവിലില്ലാതിരുന്നിട്ടും സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തു) അങ്കണവാടി ഹോണറേറിയം ഇനത്തിൽ ₹1357800യും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു, ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റുകളുടെ ക്യാരി ഓവർ വിഹിതമായി ലഭിച്ച തുകകൾ എന്നിവയും തൻവർഷം അലോട്ട്മെന്റായി ലഭിക്കുകയുണ്ടായി. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ ₹623412 ബേസിക് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 279 | 178491803 | 167 | 75555968 | 12 | 155 | 112 | 55.55 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 4381649 | 4363361 | 99.58 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 1987700 | 1716700 | 86.37 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 17 | 9 | 7579945 | 2894351 | 38.18 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6 | 6 | 2511804 | 1628537 | 64.84 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പുതിയങ്ങാടി സർക്കിൾ | 12 | 8 | 10285520 | 3819524 | 37.13 |
| ഐസിഡിഎസ് സൂപ്പർവൈസർ | 21 | 13 | 9455440 | 7717792 | 81.62 |
| സെക്രട്ടറി | 57 | 32 | 28727428 | 10849619 | 40.39 |
| ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ പി സ്കൂൾ | 7 | 6 | 1147000 | 460220 | 40.12 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാടായി സർക്കിൾ | 18 | 13 | 50004862 | 11455835 | 22.91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 50 | 54958007 | 25762601 | 46.88 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 4 | 1222240 | 434363 | 35.54 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 8 | 5930208 | 4153065 | 70.03 |
| **ആകെ** | **279** | **167** | **178491803** | **75555968** | **42.33** |

**ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ സുലേഖ ചെലവ് പത്രികയിലെ ചെലവു ശതമാനം കൂടിയിട്ടുണ്ട്.

മാടായി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ 76/2024/DPC/DPO/KNR തീയതി 05.03.2025 നമ്പർ ഉത്തരവു പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 122 സ്പിൽഓവർ പ്രോജക്ടുകളും 157പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 279 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ ₹178491803യാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**പദ്ധതി നിർവ്വഹണം**

അംഗീകാരം ലഭിച്ച 279 പ്രോജക്ടുകളിൽ 167 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി ₹178491803 വകയിരുത്തിയതിൽ ₹75555968 ചെലവഴിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവ് ആകെ അടങ്കലിന്റെ 42.33 ശതമാനം മാത്രമാണ്.

**പദ്ധതി നിർവ്വഹണം-പഞ്ചായത്തിന്റെ പൊതുസമീപനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമായ 2024-25 വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. കാർഷികമേഖലയിൽ തെങ്ങ് കൃഷി,നെൽകൃഷി എന്നിവ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. സാന്ത്വനപരിചരണം, മരുന്നുവാങ്ങൽ എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ. പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർഹിച്ചിട്ടുണ്ട്. വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ 53 സ്പിൽഓവർ പ്രോജക്ടുകളും 51 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 104 പ്രോജക്ടുകളിൽ 50 എണ്ണത്തിന് മാത്രമെ തൻവർഷം ചെലവു വന്നിട്ടുള്ളൂ. ചെലവ് വന്നിട്ടുള്ള പ്രോജക്ടുകളിൽ 45 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളുകളാണ്. പുതിയ പ്രോജക്ടുകളിൽ 8 എണ്ണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. റോഡ് നവീകരണത്തിനും, എം സി എഫ് കെട്ടിട നിർമ്മാണത്തിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവ്വഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായിട്ടില്ലെന്നുള്ളത് വാർഷിക പദ്ധതികളുടെ ന്യൂനതയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ച ശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവ്വഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷിക പദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

**വാർഷിക പദ്ധതി വിലയിരുത്തൽ**

സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാടായി, പുതിയങ്ങാടി സർക്കിളുകൾ), മെഡിക്കൽ ഓഫീസർ പി എച്ച് സി, ഹെഡ് മാസ്റ്റർ, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രൊജക്റ്റ് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വലിയ തുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിച്ച തുകകൾ കുറവായതിനാലാണ് വി.ഇ.ഒ.യുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**സഞ്ചിത നിധിയിലേയ്ക്ക് ₹12673283 തിരികെ എടുക്കപ്പെട്ടു**

വിവിധ നിർവഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ ₹12673283 സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ | ചെലവ് | ലാപ്സായ തുക |
|---|---|---|---|

| | വരവ് | | (സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക) |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 32798000 | 29063669 | 3734331 |
| വികസന ഫണ്ട് എസ് സി പി | 5878000 | 4517172 | 1360828 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 13001000 | 8073608 | 4927392 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 7285000 | 4634268 | 2650732 |
| ആകെ | | | 12673283 |

സ.ഉ(കൈ)നം.79/2021/ധന തിയതി 15.07.2021 പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2024-25 വർഷം ഗ്രാമ പഞ്ചായത്തിൽ വികസന ഫണ്ട് എസ് സി പി (77%), മെയിന്റനൻസ് ഗ്രാന്റ്-റോഡ് (62%), മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് (64%) ഇനങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2868 | 1222859 | 1225727 | 1222859* | 2868 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17513122 | 17513122 | 17513122 | 0 |
| സാധനസാമഗ്രികളുടെ ചെലവ് | 0 | 3348061 | 3348061 | 3348061 | 0 |
| ആകെ | 2868 | 22084042 | 22086910 | 22084042 | 2868 |

* ചെലവിനത്തിലെ ₹17162 പലിശയിനത്തിൽ തിരിച്ചടച്ച തുകയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 396800 | 18 |
| വിധവാ പെൻഷൻ | 22479200 | 1245 |
| വാർദ്ധക്യകാല പെൻഷൻ | 45004200 | 2613 |
| ഭിന്നശേഷി പെൻഷൻ | 7586500 | 423 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1525600 | 86 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 3 |
| തൊഴിലില്ലായ്മ വേതനം | 5160 | ലഭ്യമല്ല |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2025 തീയതി ഉച്ചക്ക് ശേഷം 3.15 PM മണിക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1882 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് ₹200 യുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക) ആകെ ക്യാഷ് നീക്കിയിരിപ്പ് ₹2082 യാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി,ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്സർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 23(1) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 2019-20 മുതൽ 2023-24 വരെയുള്ള കഴിഞ്ഞ 5 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നിയമാനുസൃത സമയപരിധിക്കുള്ളിൽ ആദ്യമറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിയമത്തിലെ വകുപ്പ് 15(3), ചട്ടങ്ങളിലെ ചട്ടം 23(3) എന്നിവ പ്രകാരം പുനർറിപ്പോർട്ടുകളാണ് പുറപ്പെടുവിച്ചത്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മറ്റികൾ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്യുപെൻസിക്കു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിലെ കരാറുകളിൽ ഉൾപ്പെടുത്തിയ കാലഹരണപ്പെട്ടതും പി.ഡബ്ല്യൂ.ഡി മാന്വലിൽ വിരുദ്ധവുമായ കരാർ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും പരിഷ്കരിച്ച വ്യവസ്ഥകൾ പ്രകാരം കരാറിലേർപ്പെടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ്തല യോഗങ്ങൾ ചേരുന്നതിലും വീഴ്ച വന്നിട്ടുണ്ട്. ഫെബ്രുവരി 2025ന് ശേഷം സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടില്ല. സ്റ്റാഫ് മീറ്റിംഗ് മിനുട്സിൽ തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസ ഓഫീസ്തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത്‌രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും 2024-25 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ 2023 ഡിസംബർ മാസത്തിൽ ചേരുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തിൽ 2024 ആഗസ്റ്റ്, 2025 ജനവരി മാസങ്ങളിലായി ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മാലിന്യമുക്ത കേരളം, 2023-24 വരവ് ചെലവ് കണക്ക് അംഗീകാരം, 2024-25 വാർഷിക പദ്ധതി അവലോകനം മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫോറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/14.08.2025) മറുപടിയായി നിലവിൽ ജി.ഐ.എസ്. മാപ്പിംഗ് നടപ്പിലാക്കിയിട്ടില്ലെന്നും ഫീൽഡ്തല പരിശോധന നടത്താൻ ഇന്റർവ്യൂ നടത്തി നിയോഗിച്ച രണ്ട് പേർ പിന്നീട് പ്രവർത്തനങ്ങൾ നടത്തിയില്ലെന്നും അറിയിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു.

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ, 05.04.2023, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം വ്യത്യസ്ത കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്റർ വരെയുള്ളവ | 40 | 70 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി മാടായി ഗ്രാമപഞ്ചായത്തിന്റെ 10.07.2023 തീയതിയിലെ 193/2023 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2 എന്നീ കെട്ടിട വിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 8, 70 എന്നിങ്ങനെയാണ് (2024-25 വർഷം 5% വർദ്ധനവ് വന്നിട്ടുണ്ട്).

എന്നാൽ താഴെ പറയുന്ന 2024-25 കാലയളവിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ സ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീ | സഞ്ചയയിൽ ഉൾപ്പെട്ടത്തിയ കെട്ടിടത്തിന്റെ ഉപ വിഭാഗം | സഞ്ചയയിൽ ഉൾപ്പെട്ടത്തേണ്ട കെട്ടിടത്തിന്റെ ഉപ വിഭാഗം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് | ഈടാക്കിയ വസ്തു നികുതി നിരക്ക് | വാർഷിക വസ്തു നികുതി/ ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വാർഷിക വസ്തു നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| 7/902 സി,ഡി | 1)അമീർ അലി 2)റാഷിദ് | 83.48 (49.86+ 33.62) | പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) – 300 ച.മീ വരെയുള്ളവ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ -300 ച.മീ വരെയുള്ളവ | ₹73.5 | ₹8.4 | ₹810 (വാർഷിക വസ്തുനികുതി) ₹405 (കെട്ടിടം രണ്ടാം അർദ്ധവർഷം നിലവിൽ വന്നതിനാൽ ഈടാക്കിയ വസ്തുനികുതി) (₹163, 1240105448/ 22.02.2025 ₹242, 1240105447/ 22.02.2025) | ₹7087 (വാർഷിക വസ്തു നികുതി) ₹3544 (കെട്ടിടം രണ്ടാം അർദ്ധവർഷം നിലവിൽ വന്നതിനാൽ ഈടാക്കേണ്ട വസ്തു നികുതി) 83.48x 73.5=6136 വർദ്ധനവ് 20%=1227 ഇളവ് 10%=614 ലൈബ്രറി സെസ് 5%=338 ആകെ= 3136+ 1227+614+ 338=7087 | ₹3139 |

ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി ഈടാക്കേണ്ടത് മറ്റു പ്രത്യേക പാർപ്പിടങ്ങൾ എന്ന കെട്ടിട ഉപവിഭാഗത്തിൽ പെടുത്തി ആണെന്നിരിക്കെ മുകളിൽ പറഞ്ഞിരിക്കുന്ന ക്വാർട്ടേഴ്സിന് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടം എന്ന കെട്ടിട ഉപവിഭാഗത്തിൽപ്പെടുത്തിയാണ് നികുതി ഈടാക്കിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/18.08.2025) മറുപടിയായി വേണ്ട

മാറ്റം വരുത്തി നികുതി പുനഃക്രമീകരിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൃത്യമായ ഉപവിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതും നികുതി നഷ്ടം ₹3139 ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ തെറ്റായി നൽകിയതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നു.

സ.ഉ(അച്ചടി)നം.25/2023/ത.സ്വ.ഭ.വ. തീയതിഃ 05.04.2023 (എസ്.ആർ.ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി മാടായി ഗ്രാമപഞ്ചായത്ത് 10.07.2023 തീയതിയിലെ 193/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 8,10എന്നിങ്ങനെയാണ് (2024-25 വർഷം 5% വർദ്ധനവോടു കൂടി ഇത് ആയിട്ടുണ്ട്). എന്നാൽ 2024-25 കാലയളവിൽ കെട്ടിട നമ്പർ നൽകിയ താഴെ പറയുന്ന കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീ | ഉപയോഗക്രമം | സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി (₹) | ഈടാക്കിയ വസ്തു നികുതി (₹) | കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|---|---|
| 20/341 എ | കാരിച്ചൻ വീട്ടിൽ ബുഷ്റ അബ്ദുൾ സലാം | 329.86 (താഴത്തെ നില 225.5 ച.മീ, ഒന്നാം നില 104.36 ച.മീ) | പാർപ്പിടം | മേൽ പട്ടികയിലെ ക്രമ നമ്പർ 1 | മേൽ പട്ടികയിലെ ക്രമ നമ്പർ 2 | @₹10.5 329.86x10.5 =3463.5 വർദ്ധനവ്(+) തറ നിർമ്മിതി (15%)=519.5 ഇളവ്(-) മേഖല (10%) =346.3 ലൈബ്രറി സെസ്(5%) =182 ലൈബ്രറി സെസ് ഉൾപ്പെടെ ആകെ 3463.5+519.5 - 346.3+182=3819 | @₹8.4 329.86x8.4 =2770.824 വർദ്ധനവ്(+) തറ നിർമ്മിതി (15%) =415.6236 ഇളവ്(-) മേഖല (10%) =277.0824 ലൈബ്രറി സെസ്(5%) =146 ലൈബ്രറി സെസ് ഉൾപ്പെടെ ആകെ 2770.824+ | 763 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | 415.6236-277.0824+146=3056 രസീത് നം.1240103349/09.01.2025 | |

കെട്ടിടങ്ങളുടെ ഉപവിഭാഗം തെറ്റായി നൽകിയതു മൂലമുള്ള നികുതി നിർണ്ണയത്തിലെ പിഴവ് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/18.08.2025) മറുപടിയായി മാറ്റം വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ ശരിയാക്കേണ്ടതും നികുതിയിനത്തിൽ കുറവ് വന്ന ₹763 ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകി

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 2/161 | പ്രസിഡന്റ്, വോയ്സ് ഓഫ് യൂത്ത് ക്ലബ് | 30 |
| 5/398 | സെക്രട്ടറി, സി.പി.ഐ.എം. മാടായി ലോക്കൽ കമ്മിറ്റി | 98 |
| 5/348 | സെക്രട്ടറി, എ.വി രാജീവ് ഇന്ദിരാജി കോൺഗ്രസ് മന്ദിരം, അടുത്തില | 20 |
| 15/303 | മാനേജർ കോൾഡ് സ്റ്റോറേജ് & ഐസ് പ്ലാന്റ് | 129.2 |
| 9/343 | ഉദയാ ക്ലബ് പ്രസിഡന്റ് | 32 |
| 19/393 | സെക്രട്ടറി, സി.പി.ഐ.എം. മൂലക്കീൽ ബ്രാഞ്ച് കമ്മിറ്റി ഓഫീസ് | 80 |
| 20/22 | സെക്രട്ടറി, സി.പി.ഐ.എം ലോക്കൽ കമ്മിറ്റി | 48 |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/18.08.2025) മറുപടിയായി വസ്തു നികുതി ഒഴിവായിട്ടുള്ളത് പരിശോധിച്ച് നികുതി പുനഃസ്ഥാപിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഒഴിവ് ബാധകമല്ലാത്ത മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 60 ച.മീ ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകി.

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/ത.സ്വ.ഭ.വ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മീ ൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 5/529എ | 101.12 | പി സന്തോഷൻ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 5/251 | 90 | കുളങ്ങരവീട്ടിൽ ആഷ | പാർപ്പിടാവശ്യം |
| 5/232 | 80 | പുത്തൻകുടി ചന്തു | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 3/305 | 120.3 | പി ലീല | പാർപ്പിടാവശ്യം |

| | | | |
|---|---|---|---|
| 3/327 | 116 | തുണ്ടിവളപ്പിൽ മാധവി | പാർപ്പിടാവശ്യം |
| 3/373 | 180.24 | വി.യശോദ,രതി,ചിത്ര,സുധീർ | പാർപ്പിടാവശ്യം |
| 8/88 | 137.5 | തുണോളി ബാലൻ | പാർപ്പിടാവശ്യം |
| 10/185 | 105.7 | സി എച്ച് എമ്മല്ലി സൈമൺ | പാർപ്പിടാവശ്യം |
| 10/298 | 231 | സി എച്ച് റെജീന | പാർപ്പിടാവശ്യം |
| 18/218 | 90 | വലിയകത്ത് മറിയ, നബീസു, സുബൈദ | പാർപ്പിടാവശ്യം |
| 18/247 | 250 | അച്ചീരെ തറമ്മൽ കുറുക്കൻ അബ്ദുറഹിമാൻ ഹാജി | പാർപ്പിടാവശ്യം |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/18.08.2025) മറുപടിയായി നികുതി ഇളവ് വന്നിട്ടുള്ളത് പരിശോധിച്ച് നികുതി പുനസ്ഥാപിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ബാധകമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 ഒരേ ഉടമസ്ഥന്റെ പേരിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്)നം.144/15/ത.സ്വ.ഭ.വ തീയതിഃ 27.04.2015, ജി.ഒ(എം.എസ്)നം.358/15/ത.സ്വ.ഭ.വ തീയതിഃ 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര്/വിലാസം | വാർഡ്/ കെട്ടിട.നം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| മീത്തലെവീട്ടിൽ നീലകണ്ഠൻ കൃഷ്ണൻ | 5/350 | 28.7 |
| | 5/351 | 40 |
| പുത്തൻകുട്ടി ലക്ഷ്മി | 5/334 | 35.4 |
| | 5/335 | 21.4 |
| പുതിയവാണിയൻവീട്ടിൽ തമ്പാൻ | 2/218 | 36 |
| | 2/219 | 21 |
| പുതിയവീട്ടിൽ നാരായണൻ | 5/48 | 48 |
| | 5/49 | 15 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/18.08.2025) മറുപടിയായി നിലവിലെ സ്ഥിതി പരിശോധിച്ച് നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു വാസ ഗ്രഹത്തിന് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

മാടായി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം | കുടിശ്ശിക |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹28,066 | ₹10,039 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹45,783 | ₹1,92,383 |

നിലവിൽ ഈടാക്കിയിട്ടുള്ള/ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/18.08.2025) മറുപടിയായി കുടിശ്ശിക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ്, ആർ.ആർ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. സ.ഉ.(സാധാ)നം.1149/2024/ ത.സ്വ.ഭവ. തീയതി 27.06.2024 പ്രകാരം 01.10.2024 പ്രാബല്യത്തിൽ തൊഴിൽ നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് കുറവാണ്.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കിയ തൊഴിൽ നികുതി (₹) | ഈടാക്കേണ്ട തൊഴിൽ നികുതി (₹) | കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|---|
| മാടായി വനിത കോ.ഓപ്പറേറ്റീവ് സൊസൈറ്റി | ഇ.സിന്ധു | കലക്ഷൻ ഏജന്റ് | II | 58000 | 450 | 750 | 300 |
| | റീന റോസി | കലക്ഷൻ ഏജന്റ് | II | 58000 | 450 | 750 | 300 |
| | വിജയലക്ഷ്മി | കലക്ഷൻ ഏജന്റ് | II | 58000 | 450 | 750 | 300 |
| | ലീന എം.പി | കലക്ഷൻ ഏജന്റ് | II | 58000 | 450 | 750 | 300 |
| ആകെ | | | | | | | 1200 |

2) എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ നിരവധി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം |
|---|---|---|
| 602 | ഡിഷ് ഡിലൈറ്റ് റെസ്റ്റോറന്റ് | 6 |
| 161 | കോക്കോ ഡ്രിങ്ക്സ് | 5 |
| 458 | ഫ്യൂച്ചർ മൈൻഡ് റീട്ടെയിൽ മാർട്ട് | 6 |
| 6 | ഷേണായി മെഡിക്കൽസ് | 4 |
| 94 | സെവൻസ്റ്റാർ സൂപ്പർ മാർക്കറ്റ് | 3 |
| 96 | സ്റ്റീൽ പാലസ് | 4 |
| 128 | സംസം മെഡിക്കൽസ് | 2 |
| 154 | ഫീസ്റ്റ് വെൽ ടേസ്റ്റി റെസ്റ്റോറന്റ് | 4 |
| 156 | കബാന റെസ്റ്റോകഫേ | 4 |

| | | |
|---|---|---|
| 176 | പറക്കാട്ട് സ്റ്റീൽ & ആക്സസറീസ് | 4 |
| 178 | റോയൽ ക്രൗൺ ഹോട്ടൽ | 4 |
| 205 | നീർമാതളം | 4 |
| 226 | ബക്കറ്റ് ബൈറ്റ്സ് | 4 |
| 244 | യൂണിവാക്ക് കമ്പ്യൂട്ടർ | 4 |
| 300 | ക്ലാസിക്ക് ഇന്റർലോക്ക് | 4 |
| 423 | ആമിന സൂപ്പർമാർക്കറ്റ് | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/14.08.2025) മറുപടിയായി തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണെന്നും ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ (1) ൽ പരാമർശിച്ചിട്ടുള്ള ₹1200 നഷ്ടം ഈടാക്കേണ്ടതും മറ്റ് അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-20 ലൈസൻസ്-ചുമത്തുന്നതിലെ അപാകങ്ങൾ

2024-25 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകൾ, മറ്റ് ലൈസൻസ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 31.10.2017 ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

| ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം (രൂപയിൽ) | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) | ഈടാക്കേണ്ട ലൈസൻസ് ഫീ (രൂപയിൽ) | കുറവ് |
|---|---|---|---|---|---|---|---|
| 212 | 5/256 എ,ബി, സി,ഡി | കൃഷ്ണ ഏജൻസീസ് | എം.കെ കൃഷ്ണദാസ് | 10 ലക്ഷം | 300 Rt.No.1240100183/ 24.04.2024 | 500 | 200 |
| 569 | 11/473 എ,ബി,സി | സിറ്റി മാർട്ട് സൂപ്പർ മാർക്കറ്റ് | സിനാൻ ടി.കെ | 20 ലക്ഷം | 500 Rt.No.1240102429/ 28.10.2024 | 700 | 200 |
| ആകെ | | | | | | | 400 |

2) 2023-24 കാലയളവിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള (പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ 2024-25 വർഷം പുതുക്കാത്തത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

| സ്ഥാപനം | നടത്തിപ്പുകാരന്റെ പേര് |
|---|---|
| ഭവ ക്ലിനിക്ക് | ഇബ്രാഹിം |
| യൂണിറ്റി മെഡിക്കൽ ലാബ് | അനിത കെ.വി |
| എ.എച്ച്.എൻ ക്ലിനിക്ക് | ഡോ. റാഷാദ് അബ്ദുള്ള |
| സജ്ജൂസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | ആരിഫ എസ്.വി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/16.08.2025) മറുപടിയായി ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക പ്രസ്തുത സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കുന്നതാണെന്നും പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും നഷ്ടം വന്ന ₹400 ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതുമാണ്.

## 1-21 മത്സ്യ മാർക്കറ്റ് ലേല തുക ₹1,80,000 അടവാക്കിയില്ല.

മാടായി ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മത്സ്യ മാർക്കറ്റിൽ നിന്നും 2024-25 സാമ്പത്തിക വർഷം മത്സ്യം വിൽപ്പന നടത്തുന്നതിനായി ലേലം വിളിച്ചതിൽ 2 പേർ പങ്കെടുക്കുകയും അതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച കെ.ഫൈസൽ എന്നവർക്ക് ₹1,85,000 യ്ക്ക് ലേലം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റായ ₹5,000 (റെസീപ്റ്റ് നമ്പർ 1230106196/20.03.2024) മാത്രമാണ് അടവാക്കിയിട്ടുള്ളത്. ₹1,80,000 ലേല തുക അടവാക്കാൻ ബാക്കിയുണ്ട്. 01.03.2024 ലെ നമ്പർ എസ്.സി.3 1527/2024 പ്രകാരം പുറപ്പെടുവിച്ച ലേല പരസ്യത്തിലെ വ്യവസ്ഥകൾ പ്രകാരം ലേലത്തിൽ കൂടിയ തുക വിളിക്കുന്നവരുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുക ഒരാഴ്ചക്കകം അടക്കേണ്ടതും അല്ലാത്തപക്ഷം ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി തുക അടക്കാൻ തയ്യാറുള്ള അടുത്ത ലേലക്കാരന് ലേലം ഉറപ്പിക്കുമെന്നുമാണ് വ്യവസ്ഥയിലുള്ളത്. ലേല വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. ലേല തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/19.08.2025) മറുപടി ലഭ്യമാക്കിയില്ല. ലേല തുക ₹1,80,000 ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 ചേരിക്കള്ളി മഞ്ച ലേലം റദ്ദ് ചെയ്തത് വരുമാന നഷ്ടത്തിനിടയാക്കി.

മാടായി ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ചേരിക്കള്ളി മഞ്ചയിൽ നിന്നും 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം നേടുന്നതിനായി 4 പേർ ലേലത്തിൽ പങ്കെടുക്കുകയും ₹2,08,750 യ്ക്ക് രഞ്ജിത്ത് പി എന്നയാൾ ലേലം കൈക്കൊണ്ടതുമാണ്. 01.03.2024 ലെ നമ്പർ എസ്.സി.3 1527/2024 പ്രകാരം പുറപ്പെടുവിച്ച ലേല പരസ്യത്തിലെ വ്യവസ്ഥകൾ പ്രകാരം ലേലത്തിൽ കൂടിയ തുക വിളിക്കുന്നവരുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുക ഒരാഴ്ചക്കകം അടക്കേണ്ടതും അല്ലാത്തപക്ഷം ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി തുക അടക്കാൻ തയ്യാറുള്ള അടുത്ത ലേലക്കാരന് ലേലം ഉറപ്പിക്കുമെന്നുമാണ് വ്യവസ്ഥയിലുള്ളത്. ലേല വ്യവസ്ഥ ലേലം കൊണ്ടയാൾ പാലിച്ചിട്ടില്ല. (സെക്യൂരിറ്റി ഡെപ്പോസിറ്റായ ₹5,000, റസീറ്റ് നമ്പർ 1230106197/20.03.2024 മാത്രമാണ് അടവാക്കിയിട്ടുള്ളത്). ലേലം കൊണ്ട രഞ്ജിത്ത് പി എന്നവർ പിന്നീട് പരാതി അറിയിക്കുകയും പരാതി പ്രകാരം മഞ്ചയുടെ ഒഴുക്ക് സ്വകാര്യ വ്യക്തി തടസ്സപ്പെടുത്തിയെന്നും ലേലസമയത്ത് ഇറിഗേഷൻ വകുപ്പ് നടത്തുന്ന അറ്റകുറ്റ പണികളെ കുറിച്ച് അറിയിച്ചിരുന്നില്ലെന്നും ആയതിനാൽ ലേലം റദ്ദ് ചെയ്യുകയോ ലേല തുക കുറച്ച് തരുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 18.06.2024 ലെ 17/169/2024 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ലേലം റദ്ദ് ചെയ്തതായി കാണുന്നു. ലേലം കൊണ്ടയാൾ തുക കുറച്ച് തന്നാൽ മതിയെന്ന് ആവശ്യപ്പെട്ടിട്ടും ലേലം റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/19.08.2025) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരൻ തുക കുറച്ച് എടുക്കാൻ തയ്യാറായെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ലേലം പൂർണ്ണമായും റദ്ദ് ചെയ്തത് വഴി ലഭിക്കുമായിരുന്ന വരുമാനത്തിൽ നഷ്ടമുണ്ടായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-23 ലേല കുടിശ്ശിക ₹5,82,731 ഈടാക്കേണ്ടതാണ്.

ലേല രജിസ്റ്റർ പ്രകാരം ചേരിക്കള്ളി മഞ്ച 2019-20 മുതൽ 2022-23 വരെ ലേലം കൈക്കൊണ്ടവർ ലേല തുക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നു. വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ലേലം കൈക്കൊണ്ടയാളുടെ പേര് | കുടിശ്ശിക |
|---|---|---|

| | | |
|---|---|---|
| 2019-20 | മുത്തലിബ് എം.കെ | 50,500 |
| 2021-22 | സിയാവുദ്ദീൻ | 1,28,800 |
| 2022-23 | അഫ്സൽ കെ | 1,74,180 |

കൂടാതെ 2022-23 വർഷം ഫിഷ് മാർക്കറ്റ് ലേലത്തിൽ എടുത്ത പ്രശാന്ത് ഇ എന്നവർ ലേല കുടിശ്ശിക ₹2,29,251 അടവാക്കാൻ അവശേഷിക്കുന്നു. ലേല തുക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/19.08.2025) മറുപടി ലഭ്യമാക്കിയില്ല. ആകെ ലേല കുടിശ്ശിക ₹5,82,731 മുഴുവനായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല.₹28,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നമ്പർ 77/2024/ഫിൻ തീയതി 06.09.2024 പ്രകാരം ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ₹20,000 വരെ നൽകാവുന്നതാണ്. അഡ്വാൻസ് തുക ഒക്ടോബർ 2024 മുതൽ 5 മാസത്തെ ശമ്പളത്തിൽ നിന്നും തുല്യമായ ഇൻസ്റ്റാൾമെന്റുകളിലായി തിരികെ ഈടാക്കേണ്ടതാണ്. 2024-25 വർഷത്തെ ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ വൗച്ചർ നമ്പർ 22400566/08.10.2024 പ്രകാരം ₹1,30,000 നൽകിയതിൽ ശ്രീ. പ്രേമൻ പി.കെ, സെക്രട്ടറി കൈപ്പറ്റിയ ₹20,000 യിൽ ₹8,000 യും, ശ്രീ സുമേഷ് എം.വി, അസിസ്റ്റന്റ് സെക്രട്ടറി കൈപ്പറ്റിയ ₹20,000 യും അടക്കം ആകെ ₹28000 തിരികെ ലഭിക്കാനുണ്ട്. തുക തിരികെ ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ47/19.08.2025) മറുപടിയായി ഇവർ മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലം മാറ്റം കിട്ടി പോയവരാണെന്നും ടി തുക അടവാക്കുന്നതിനായി പ്രസ്തുത പഞ്ചായത്തുകളിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കാത്തതിനാൽ ചെലവ് തുക ₹28,000 തടസ്സപ്പെടുത്തുന്നു.

## 1-25 വെള്ളക്കരം ഇനത്തിൽ കുടിശ്ശികയും പിഴയും ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 4/25, കുടിവെള്ളക്കരം ഒടുക്കൽ |
| അടങ്കൽ | ₹450000 (തനത് ഫണ്ട്) |
| ചെലവ് | ₹305739<br>89/24.06.2024 – ₹33971<br>114/15.07.2024 – ₹33971<br>135/12.08.2024 – ₹33971<br>166/23.09.2024 - ₹33971<br>208/27.11.2024 – ₹33971<br>240/19.12.2024 – ₹33971<br>293/24.01.2025 – ₹33971<br>333/18.02.2025 – ₹33971<br>451/22.03.025 – ₹33971 |

ഗ്രാമപഞ്ചായത്തിൽ നിലവിൽ 28 പൊതുടാപ്പുകൾക്കായി വെള്ളക്കരം ഒടുക്കി വരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ വെള്ളക്കരം അടവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, 2025 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസിൽ വെള്ളക്കരം കുടിശ്ശികയായി ₹7,30,650 യും, പിഴയായി ₹14,332 യും രേഖപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പൊതുടാപ്പുകൾക്കായുള്ള വെള്ളക്കരത്തിൽ ഇത്തരത്തിലുള്ള കുടിശ്ശികയും പിഴയും ഉണ്ടായതിന്റെ കാരണവും കുടിശ്ശിക ഒഴിവാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും രേഖകളും ഹാജരാക്കുവാനും ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ വിവരങ്ങൾ കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/18.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കി പൊതുടാപ്പുകളുടെ ചാർജ്ജ് പിഴ ഒഴിവാക്കി പുനർനിർണ്ണയിച്ച് തരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പഞ്ചായത്തിലെ മിനി മാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും റിപ്പയർ- ₹187700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ 'പഞ്ചായത്തിലെ മിനി മാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും റിപ്പയർ' എന്ന പ്രോജക്ട് പ്രകാരം 2024-25 വർഷം ₹187700 യും 2023-24 വർഷം കേടായ മിനി മാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും വേണ്ടി പ്രൊജക്ട് നമ്പർ 96/24 പ്രകാരം ₹400000യും Kerala Electrical & Allied Engineering Company Ltd. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 185/25 (സ്പിൽ ഓവർ), പഞ്ചായത്തിലെ മിനിമാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും റിപ്പയർ |
| അടങ്കൽ | ₹187700 (തനത് ഫണ്ട്) |
| ചെലവ് | ₹187700 ബിൽ നമ്പർ: 324/06.02.2025 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ കൊടുത്ത പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1. ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾ ഉണ്ടെന്ന വിവരം, ഇവയിൽ മെയിന്റനൻസ് നടത്തിയവ ഏതൊക്കെയാണെന്ന് രേഖപ്പെടുത്തിയ രജിസ്റ്റർ, മെയിന്റനൻസ് നടത്തിയ ലൈറ്റുകൾ ഏത് വർഷത്തിലാണ് സ്ഥാപിച്ചതെന്നും ഏത് പദ്ധതിയിലൂടെയാണ് സ്ഥാപിച്ചതെന്നും വാറന്റി കാലയളവ്, AMC (Annual Maintenance Contract) ഉള്ളതോ ഇല്ലയോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. G.O.(P)No.18/2023/FIN തീയതി 24.02.2023 പ്രകാരം KEL-നെ Electrical/Mechanical Works & Allied Works നിർവ്വഹിക്കാൻ Project Management Consultancy (PMC) ആയി അംഗീകരിച്ചിട്ടുള്ളതാണ്. PMC മുഖേന പ്രവൃത്തി ഏൽപ്പിക്കുമ്പോൾ കരാറുകാരനെ ടെണ്ടർ വഴി തെരഞ്ഞെടുത്ത്, പ്രവൃത്തി പൂർത്തിയായ ശേഷം PMCയുടെ നിർദ്ദേശ പ്രകാരം കരാറുകാരന്റെ അക്കൗണ്ടിലേക്കാണ് പ്രതിഫലം നൽകേണ്ടത്. PMC-ക്ക് സെന്റേജ് ചാർജ്ജ് മാത്രമേ നൽകാവൂയെന്ന് G.O.(P) 118/2018/FIN തീയതി 03.08.2018-ൽ നിർദ്ദേശിച്ചിട്ടുണ്ട്. Non-PMC അക്രഡിറ്റഡ് ഏജൻസികൾക്ക് മാത്രമാണ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ടെണ്ടർ നടപടി കൂടാതെ പ്രവൃത്തി നേരിട്ട് ഏൽപ്പിക്കാൻ സാധിക്കുക. എന്നാൽ നിലവിൽ KEL നൽകിയ ₹5,87,700യുടെ എസ്റ്റിമേറ്റ് അംഗീകരിച്ച്, ടെണ്ടർ നടപടിക്രമങ്ങൾ ഇല്ലാതെ പ്രവൃത്തി നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

3. ഇൻവോയ്സ് നമ്പർ 487/25.03.025 പ്രകാരം താഴെ കൊടുത്ത ഇനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം | വില | ആകെ |
|---|---|---|---|
| 4 എണ്ണം 100 LED Light (5 Set) | 5 (Set) | 78771.19 | 393855.95 |
| 6 എണ്ണം 150LED Light (5 Set) | 1 (Set) | 104194.92 | 104194.92 |
| | | | 498050.87 |
| ജി എസ് ടി | | | 89649 |
| ആകെ | | | 587700 |

പ്രസ്തുത ഇനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. G.O.(P) No.27/2017/FIN തീയതി 26.02.2017 പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഹൈമാസ്റ്റ്/ മിനി മാസ്റ്റ് ലൈറ്റുകൾക്ക് 3 വർഷത്തെ Replacement Warrantyയും തുടർന്ന് കുറഞ്ഞത് 3 വർഷത്തെ AMCയും ഉറപ്പാക്കേണ്ടതാണ്. എന്നാൽ KEL-യുമായി 16.03.2024-ലെ കരാറനുസരിച്ച് 3 വർഷത്തെ വാറന്റി മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. AMC സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

5. സ്ഥാപനം നടത്തിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ആരാണ് സൂപ്പർവൈസ് ചെയ്തത്, പ്രവൃത്തി പൂർത്തിയായി എന്ന് സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/19.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. മറ്റ് പരാമർശങ്ങൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ചെലവു തുകയായ ₹187700 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ-പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല.₹1299560 യുടെ ചെലവ് തടസപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രൊജക്ട് നമ്പർ/ പേര് | 296/25, അട്ടത്തില വണ്ണാംത്തടം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 297/25 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കൽ |
| അടങ്കൽ (₹) | ₹3000000<br>(തനത് ഫണ്ട്) | ₹ 10000000<br>₹500000 (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹500000 (തനത് ഫണ്ട്) |
| ചെലവ്(₹)<br>ബിൽ നമ്പർ/ തീയതി | ₹299946 ബിൽ നമ്പർ: 358/04.03.2025 | ₹999614<br>₹183850 ബിൽ നമ്പർ: 470/25.03.2025 (തനത് ഫണ്ട്)<br>(കെ.എസ്.ഇ.ബി മാടായി)<br>₹450000 ബിൽ നമ്പർ: 471/25.03.2025 (ധനകാര്യകമ്മീഷൻ അവാർഡ്)<br>(കെ.എസ്.ഇ.ബി. മാടായി)<br>₹50000 ബിൽ നമ്പർ: 496/29.03.2025 (ധനകാര്യകമ്മീഷൻ അവാർഡ്)<br>(കെ.എസ്.ഇ.ബി. മാടായി)<br>₹315764 ബിൽ നമ്പർ: 484/26.03.2025 (തനത് ഫണ്ട്)<br>(കെ എസ് ഇ ബി പഴയങ്ങാടി) |

പ്രോജക്ട് നമ്പർ 296/25 പ്രകാരം ഗ്രാമപഞ്ചായത്തിലെ അട്ടത്തില വണ്ണാംത്തടം ഭാഗത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി പഴയങ്ങാടി ഇലക്ട്രിക്ക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹2,99,946യും, പ്രോജക്ട് നമ്പർ 297/25 പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി. പഴയങ്ങാടി ഇലക്ട്രിക്ക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹3,15,764യും, കെ.എസ്.ഇ.ബി. മാടായി ഇലക്ട്രിക്ക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹6,83,850യും മുൻകൂർ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിനായി കെ.എസ്.ഇ.ബി.യുമായി തയ്യാറാക്കിയ കരാർ, പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ടും തുക വിനിയോഗത്തിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/18.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹1299560 (299946+999614) ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 വെള്ളച്ചാൽ കെ ഡബ്ല്യു എ ലൈൻ മാറ്റൽ -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.₹110000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 180/25, വെള്ളച്ചാൽ കെ.ഡബ്ല്യു.എ ലൈൻ മാറ്റൽ |
| അടങ്കൽ | ₹500000 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | ₹110000 ബിൽ നമ്പർ: 186/29.10.2024 |

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ വെള്ളച്ചാൽ കെ.ഡബ്ല്യു.എ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡബ്ല്യു.എസ് സബ്ഡിവിഷന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹110000 മുൻകൂർ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിനായി വാട്ടർ അതോറിറ്റിയുമായി തയ്യാറാക്കിയ കരാർ, പ്രവൃത്തി പൂർത്തീകരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/19.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹110000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 63/25, എ ബി സി പ്രോഗ്രാം ജില്ലാപഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | ₹150000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹150000, ബിൽ നമ്പർ: 429/20.03.2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ 2065/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 ഗ്രാമപഞ്ചായത്ത് വിഹിതമായി കണ്ണൂർ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/18.08.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ₹131228 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷത്തെ ഐ.കെ.എം. പ്രവർത്തനവിഹിതമായി താഴെപ്പറയും പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹131228 കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 5/25, ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | ₹150725 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹131228, ബിൽ നമ്പർ: 365/07.03.2025 |

ഐ.കെ.എം.ന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/18.08.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹131228 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് - വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരമുള്ള തുക ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 332/25, വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹25000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹25000, ബിൽ നമ്പർ: 267/24.03.2025 |

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 07.03.2025 തീയതിയിലെ സ.ഉ.(സാധാ)നം.645/2025/ത.സ്വ.ഭ.വ പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹25,000 ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/18.08.2025) വിനിയോഗസാക്ഷ്യപത്രം

ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 എസ് എസ് കെ വിഹിതം നൽകൽ -മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

എസ് എസ് കെ വിഹിതമായി ഗ്രാമപഞ്ചായത്ത് 2024-25 വർഷം ₹500000 ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 6/25, എസ് എസ് കെ വിഹിതം നൽകൽ |
| അടങ്കൽ | ₹500000 (വികസന-ഫണ്ട് ജനറൽ) |
| ചെലവ് | ₹400000, ബിൽ നമ്പർ: 282/15.01.2025<br>₹100000, ബിൽ നമ്പർ: 283/15.01.2025 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) പതിനാലാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ തീയതി 19.01.2022) ഖണ്ഡിക 8.6(3) പ്രകാരം എസ്.എസ്.കെ പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ഇടപെടലുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2) ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും, 2024-25 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSAനിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവൃത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3) SSK ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും, 2024-25 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക്/നിർമ്മാണ/പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/18.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്.

## 1-33 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം(സ്പിൽ ഓവർ)- തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിച്ച തുകയിലും റീക്കൂപ്പ് ചെയ്ത തുകയിലും വ്യക്തത ഇല്ല- ₹46910 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 157/25, ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം (സ്പിൽ ഓവർ) |
| അടങ്കൽ | ₹579830 (വികസന ഫണ്ട്-പൊതുവിഭാഗം)<br>₹50000 (തനത് ഫണ്ട് )<br>₹100000 (മറ്റുള്ളവ<br>**ആകെ: ₹729830** |
| ചെലവ് | ₹261150, 72/04.06.2024<br>₹318680, 57/09.05.2024<br>**ആകെ: ₹579830** |

ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട്.
പ്രോജക്ടിന്റെ ഭാഗമായി മേൽ ബിൽ 57/09.05.2024 പ്രകാരം സെക്രട്ടറി, മാടായി പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തുക (Recoup Amount) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ജനുവരി 2024, ഫെബ്രുവരി 2024 എന്നീ മാസങ്ങളിലെ ബഡ്സ് സ്കൂൾ സ്റ്റാഫിന്റെ ഹോണറേറിയം നൽകുന്നതിന് പ്ലാൻ ഫണ്ടിൽ തുക ലഭ്യമല്ലാത്തതിനാൽ ബഡ്സ് സ്കൂൾ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് തനത് ഫണ്ടിൽ നിന്നും പ്രസ്തുത വേതനം നൽകുന്നതിന് 16.08.2023 ലെ 166/23 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകാരം നല്കിയിട്ടുള്ളതാണെന്നും ആയത് പ്രകാരം അഡ്വാൻസായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ₹318680 അനുവദിച്ചതാണെന്നും അസിസ്റ്റന്റ് സെക്രട്ടറിയുടെ 23.03.2024 ലെ എ എസ്.7/2024 ഉത്തരവിൽ പറയുന്നുണ്ട്.
പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

എ) തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിച്ചത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനം (മേൽ സൂചിപ്പിച്ചത്) സകർമ്മയിൽ ലഭ്യമല്ല.

ബി) അഡ്വാൻസ് അനുവദിച്ചതിൽ ₹271770, 19.02.2024 ൽ അനുവദിച്ചത് രേഖകളിൽ (Ledger Report-Honararium To Buds School Teachers) നിന്നും ലഭ്യമാണെങ്കിലും ബാക്കി തുക ₹46910 (318680-271770) നൽകിയത് സംബന്ധിച്ച വിവരം ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച എൻക്വയറിക്ക് (35/19.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതും അഡ്വാൻസ് നൽകിയ തുകയും പ്ലാൻ ഫണ്ടിൽ നിന്നും റീക്ലപ്പ് ചെയ്ത തുകയും സംബന്ധിച്ച വ്യക്തത വരുത്തുന്ന രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. റീക്ലപ്പ് ചെയ്ത തുകയിൽ ₹46910 തടസ്സപ്പെടുത്തുന്നു.

## 1-34 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹424917 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| പ്രൊജക്ട് നമ്പർ, പേര് | 127/25, പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 128/25, പട്ടിക ജാതിവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | ₹150000 (വികസന ഫണ്ട്-എസ്.സി.പി)<br>₹10000 (തനത് ഫണ്ട്)<br>ആകെ: ₹160000 | ₹400000<br>(വികസന ഫണ്ട്-എസ്.സി.പി)<br>₹32000 (തനത് ഫണ്ട്)<br>ആകെ: ₹432000 |
| ചെലവ് | ₹150000, 474/25.03.2025<br>₹9624, 475/25.03.2025<br>ആകെ: ₹159624 | ₹265293,<br>441/21.03.2025 |

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (കസേര, മേശ), ലാപ്ടോപ്പ് എന്നിവ വാങ്ങി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് മേൽ പ്രോജക്ടുകൾ.
സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി: 28.05.2022 ഖണ്ഡിക 7.2.6, ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാക്രമം ഫർണിച്ചർ, ലാപ്ടോപ്പ് എന്നിവ വാങ്ങി നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖ നിർദ്ദേശങ്ങളിൽ ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ പ്രസ്തുത ആനുകൂല്യങ്ങൾ നൽകാവൂ എന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ പ്രസ്തുത ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ലായെന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ടി സാക്ഷ്യപത്രം ഫയലിൽ ഇല്ല.
സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (27/18.08.2025) മറുപടി ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹424917 തടസ്സപ്പെടുത്തുന്നു.

## 1-35 കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം-തനത് ഫണ്ടിൽ അധികം തുക റീക്ലപ്പ് ചെയ്തു- ₹17000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | 14/25, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം |
| അടങ്കൽ തുക | ₹204000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹34000- 245/21.12.2024<br>₹17000- 295/25.01.2025<br>₹34000- 408/14.03.2025<br>₹85000- 469/25.03.2025<br>ആകെ: ₹170000 |

മാടായി ഗ്രാമപഞ്ചായത്തിലെ ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ, ജെന്റർ റിസോഴ്സ് പ്രവർത്തനങ്ങൾ, വനിതാ ഘടക പദ്ധതി ഏകോപനം, സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയമിച്ച വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്. ഭരണ സമിതിയുടെ 21.08.2024 ലെ 293/2024 തീരുമാന പ്രകാരം അഞ്ജിത മുരളി എന്നവരുടെ കാലാവധി മാർച്ച് 31, 2025 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2024 ജൂൺ മാസം കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററായി അഞ്ജിത മുരളി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.
മേൽ ബില്ലുകൾ പ്രകാരം ഹോണറേറിയം നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| മാസം | നൽകിയ തുക | തുക ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് |
|---|---|---|

| | | |
|---|---|---|
| 2024 ഒക്ടോബർ, 2024 നവംബർ | ₹34000 | A/C No.11260100728739, Miss Anjitha Murali |
| 2024 ഡിസംബർ | ₹17000 | A/C No.11260100728739, Miss Anjitha Murali |
| 2025 ജനുവരി, 2025 ഫെബ്രുവരി | ₹34000 | A/C No.11260100728739, Miss Anjitha Murali |
| 2024 ജൂൺ മുതൽ 2024 ഒക്ടോബർ* വരെ | ₹85000 | A/C No.7775000100000704, Madayi Grama Panchayath Office |

*25.03.2025 ലെ ഐ സി ഡി എസ് സൂപ്പർവൈസറുടെ നടപടിക്രമത്തിൽ രേഖപ്പെടുത്തിയത്.

പ്രൊജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

A) 25.03.25 ലെ ഉത്തരവ് നമ്പർ ICDS MGP/657/2025 പ്രകാരം ജൂൺ 2024 മുതൽ ഒക്ടോബർ വരെയുള്ള ഹോണറേറിയം വികസന ഫണ്ടിൽ തുക ലഭ്യമാകാത്തതിനാൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക ₹85000 പ്ലാൻ ഫണ്ടിൽ നിന്നും റീക്ലപ്പ് ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഭരണസമിതിയുടെ 24.10.2024 ലെ 334/2024 തീരുമാന പ്രകാരം ജൂൺ 2024 മുതൽ സെപ്റ്റംബർ 2024 വരെയുള്ള വേതനം (₹68000 (4X17000)) തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്നിരിക്കെ ഒക്ടോബർ 2024 ഉൾപ്പെടെ 5 മാസത്തെ വേതനം ₹85000 റീക്ലപ്പ് ചെയ്യുന്നതിന് ഉത്തരവ് നൽകിയതിന് കാരണം വ്യക്തമല്ല.

B) മേൽ ബിൽ 245/21.12.2024 പ്രകാരം 2024 ഒക്ടോബർ മാസത്തെ വേതനം നൽകിയിട്ടുണ്ട്. ആയതിനാൽ ഐ സി ഡി എസ് സൂപ്പർവൈസറുടെ ഉത്തരവിൽ (ഉത്തരവ് നമ്പർ ICDS MGP/657/2025,25.03.2025) അധികം വന്ന ₹17000 (മേൽ ബിൽ 469/25.03.2025 ൽ ഉൾപ്പെട്ട തുക) ഏത് മാസത്തെ വേതനം ആണെന്ന് വ്യക്തമല്ല.

ലഭ്യമാക്കിയ രേഖകൾ പ്രകാരം 2024 ജൂൺ മുതൽ 2025 ഫെബ്രുവരി വരെയുള്ള ഹോണറേറിയം ആണ് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് നൽകിയിട്ടുള്ളത് (₹17000X9= ₹1,53,000). എന്നാൽ സുലേഖ പ്രകാരം ₹1,70,000 ചെലവ് വന്നിട്ടുണ്ട്. ആയതിനാൽ ഹോണറേറിയം ഇനത്തിൽ ₹17000 അധിക ചെലവ് വന്നിട്ടുണ്ട്.

2024 ജൂൺ മുതൽ ഒക്ടോബർ വരെ ഹോണറേറിയം നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ അപേക്ഷ നൽകിയെങ്കിലും 2024 സെപ്റ്റംബർ വരെയുള്ള വേതനം നൽകുന്നതിനാണ് ഭരണസമിതി തീരുമാനിച്ചതെന്നും എന്നാൽ ഭരണ സമിതി തീരുമാനത്തിന് പകരം സൂപ്പർവൈസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള തുക തെറ്റായി റീക്ലപ്പ് ചെയ്തതാണെന്നും വികസന ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് അധികം റീക്ലപ്പ് ചെയ്ത ₹17000 2025 ജൂൺ മാസം കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (6/14.08.2025) മറുപടിയായി അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്. അധികമായി റീക്ലപ്പ് ചെയ്ത ₹17000 തടസ്സപ്പെടുത്തുന്നു.

## 1-36 മുൻകൂർ തുക നൽകിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായ ലൈഫ് 2020-ജനറൽ, ലൈഫ് 2020- ഇ പി ഐ പി, ലൈഫ് ഭവന പദ്ധതി എസ് സി അഡീഷണൽ എന്നീ ഭവനനിർമ്മാണ പ്രോജക്ടുകളുടെ ഭാഗമായി 2022-23, 2023-24 വർഷത്തിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക (₹), തീയതി | 2024-25 ലെ പ്രോജക്ട് വിവരം |
|---|---|---|
| രാജേഷ് പി | ₹40000, 18.03.2023 | ലൈഫ് ഭവന നിർമ്മാണം എസ് സി 2023-24 |
| പി വി സതി | ₹40000, 25.03.2023 | ലൈഫ് ഭവന നിർമ്മാണം അതിദാരിദ്ര്യം |
| ഉഷ ടി | ₹40000, 22.06.2023 | ലൈഫ് ഭവന നിർമ്മാണം എസ് സി 2023-24 |
| എ വി ബാലകൃഷ്ണൻ | ₹40000, 30.06.2023 (2024 ഫെബ്രുവരി മാസം തുക തിരിച്ചടച്ചു. 8 മാസത്തെ പലിശ അടവാക്കിയില്ല) | ലൈഫ് ഭവന നിർമ്മാണം ജനറൽ 2023-24 |

ലൈഫ് ഭവന പദ്ധതി പട്ടികജാതി ഗുണഭോക്താക്കളായ രാജേഷ് പി, ഉഷ ടി എന്നിവരെയും അതിദരിദ്ര വിഭാഗത്തിൽപ്പെട്ട പി വി സതി എന്നവരെയും ഫോൺ മുഖാന്തിരം ബന്ധപ്പെട്ടിട്ടും രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടും ഭവനനിർമ്മാണം ആരംഭിക്കുകയോ അഡ്വാൻസ് തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ലായെന്നും തുക തിരിച്ചടക്കുന്നതിനായി

റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതി തീരുമാനം കൈക്കൊള്ളുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് (എൻക്വയറി നമ്പർ 5/12.08.2025). ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**1-37 എം സി എഫ് വിപുലീകരണം - പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് പി.ഡബ്ല്യൂ.ഡി മാന്വലിൽ നിഷ്കർഷിച്ചത് പ്രകാരമുള്ള പിഴ ഈടാക്കിയില്ല.**

2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി എ സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറു മാസം, ഏതാണോ കുറവ് അത്) ആദ്യ തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടി വരുന്ന പക്ഷം 2% നിരക്കിൽ പിഴ ഈടാക്കണം. എന്നാൽ ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി പൂർത്തീകരണകാലാവധി ആ പ്രവൃത്തിയുടെ അനുവദനീയകാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല. നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകരുതെന്നും പ്രത്യേക കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (സർക്കാരിന്റെ 02.04.2024 തീയതിയിലെ ജി.ഒ.(എംഎസ്) നം.21/24/PWD യിൽ പിഴ ഈടാക്കേണ്ടത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം പിഴ ഈടാക്കുന്നതിനാണ് സ്പഷ്ടീകരണത്തിന് മുൻപ് ഏർപ്പെട്ട കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പിഴ കണക്കാക്കിയത് അപ്രകാരമാണ്). ഈടാക്കേണ്ട പിഴ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

**Fines For Extension Of Time**

| Period | Rate Of Fine |
|---|---|
| First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs.1000 And Maximum Of ₹50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of ₹2000 And Maximum Of ₹100000 |

എന്നാൽ താഴെക്കൊടുത്ത പ്രവൃത്തിയിൽ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കിയല്ല പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയത്. മാത്രവുമല്ല, നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ ഒരു കാരണവശാലും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതും അനുവദനീയമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റിന്റെ പേര്, നമ്പർ | എം സി എഫ് വിപുലീകരണം, 236/25 (സ്പിൽ ഓവർ) |
| അടങ്കൽ തുക | ₹3955023<br>ധനകാര്യ കമ്മീഷൻ അവാർഡ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ₹1877306, കേന്ദ്രാവിഷ്കൃത വിഹിതം- ₹366264<br>തനത് ഫണ്ട്- ₹1711453 |
| പി എ സി തുക | ₹2401172 |
| ചെലവ് തുക<br>(എ സി ആർ & ക്യാഷ് ബുക്ക് പ്രകാരം) | 1. വൗച്ചർ നമ്പർ 51/01.02.2024 ₹488547 (തനത് ഫണ്ട്)<br>2. വൗച്ചർ നമ്പർ 62/11.03.2024 ₹483736 (എസ് ബി എം)<br>3. വൗച്ചർ നമ്പർ 26/08.08.2024 (ബിൽ നമ്പർ 123/26.07.2024 ) ₹722832 (തനത് ഫണ്ട്)<br>4. വൗച്ചർ നമ്പർ 34/06.09.2024 ₹366264 (എസ് ബി എം)<br>5. വൗച്ചർ നമ്പർ 68/20.02.2025 (ബിൽ നമ്പർ 302/27.01.2025 ) ₹388621 (തനത് ഫണ്ട്)<br>6. വൗച്ചർ നമ്പർ 81/24.03.2025 (ബിൽ നമ്പർ 447/21.03.2025) ₹383348 (തനത് ഫണ്ട്) |

| | |
|---|---|
| | ആകെ ചെലവ് തുക: ₹ 2833348 |
| കരാറുകാരന്റെ പേര് | സാദ് എ.കെ |
| കരാർ നമ്പർ, തീയതി | AE/LSGD/M/03/2023-24 തീയതി 29.04.2023 |
| പൂർത്തീകരണ കാലാവധി | 10 മാസം |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 28.02.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 08.12.2024<br>(ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.03.2024 തീയതിയിലെ 97/2024 തീരുമാനപ്രകാരം 26.08.2024 തീയതി വരെ പിഴയോടു കൂടിയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.10.2024 തീയതിയിലെ 310/2024 (2) നമ്പർ തീരുമാനപ്രകാരം 27.08.2024 തീയതി മുതൽ 26.11.2024 തീയതി വരെ പിഴയില്ലാതെയും പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്). |
| എം.ബുക്ക് നമ്പർ | ഇ എം ബുക്ക് - 9879/2023 |
| ഈടാക്കേണ്ട പിഴ (3%) | ₹72035 |
| ഈടാക്കിയത് | ₹24011 |
| ഈടാക്കിയതിൽ കുറവ് | ₹48024 |

G.O.(P)No. 13/2012/PWD, Dt. 01.02.2012 പ്രകാരമുള്ള 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെ വ്യവസ്ഥകളും പ്രകാരമുള്ള നിരക്കിൽ പിഴ ഈടാക്കാത്തത് ക്രമപ്രകാരമല്ല. മേൽ പരാമർശിച്ച പ്രവൃത്തിയിലെ പിഴ ഇനത്തിൽ കുറവ് വന്ന ₹48024 ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-38 ഭിത്തി/ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തിയാക്കിയ വയോജനവിശ്രമകേന്ദ്രം പകൽവീട് നിർമ്മാണം പ്രോജക്ട് ഉപേക്ഷിച്ചു- ₹288621 പാഴ് ചെലവായി.

മാടായി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ മാടായി പാറയിൽ ഉള്ള സ്ഥലത്ത് വയോജന വിശ്രമകേന്ദ്രം പകൽവീട് നിർമ്മാണം എന്ന പ്രോജക്ട് (46/23) 2022-23 വർഷത്തിൽ AE/LSGD/M/03/2022-2023 നമ്പറായി 20.07.2022ന് കരാറിലേർപ്പെട്ട് പ്രവൃത്തി തുടങ്ങുകയും 28.03.2023 ന് പാർട്ട് ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പരാതിയെ തുടർന്ന് തലശ്ശേരി അഡീഷണൽ ഡിസ്ട്രിക്ട് കോർട്ട് II നൽകിയ IA NO:2-2023/IN CMA NO-07/2023 ഉത്തരവ് പ്രകാരം പ്രവൃത്തി നടക്കുന്ന സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 03.06.2023 ന് കരാറുകാരന് സ്റ്റോപ്പ് മെമ്മോ നൽകുകയുമുണ്ടായി. കരാർ ഉടമ്പടിയുടെ നിബന്ധന 23 പ്രകാരം പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ലഭിക്കാതെ വരികയാണെങ്കിൽ ബിൽ തുക നൽകിയ ശേഷം കരാർ ദുർബ്ബലപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പൂർത്തിയായ പ്രവൃത്തിക്ക് ആനുപാതികമായ ബിൽ തുക 2024-25 വർഷത്തിൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രൊജക്ട് നമ്പർ,പേര് | 247/25, വയോജന വിശ്രമകേന്ദ്രം പകൽവീട് നിർമ്മാണം (സ്പിൽ ഓവർ 46/23) |
| അടങ്കൽ തുക | ₹1643756<br>(വികസന ഫണ്ട് പൊതുവിഭാഗം ₹369386,<br>തനത് ഫണ്ട് ₹1274370) |
| പി എ സി തുക | ₹1284547 |
| ചെലവ് തുക (ഇതുവരെയുള്ളത്) | ₹288621 (ആകെ പ്രവൃത്തിമൂല്യം ₹244594 + 18% ജി.എസ്.ടി. ₹44027) |

| | |
|---|---|
| ബിൽ നമ്പർ, തീയതി | 1. പാർട്ട് ബിൽ- ₹174207 (വൗച്ചർ നമ്പർ-47/2022-23 തീയതി 28.03.2023)<br>2. പൂർത്തിയാക്കിയ പ്രവൃത്തിക്ക് അനുവദിച്ച രണ്ടാമത്തെ ബിൽ – ₹114414 (ബിൽ നമ്പർ 381/07.03.2025, വൗച്ചർ നമ്പർ 72/11.03.2025) |
| കരാറുകാരന്റെ പേര് | ശ്രീ. മുഹമ്മദ് റാഫി കെ.പി |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 19.01.2023<br>(കാലാവധി 18.07.2023 വരെ ദീർഘിപ്പിച്ച് നൽകിയതായി ഫയലിൽ രേഖകളുണ്ട്) |

മാടായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.07.2025 തീയതിയിലെ 160/2025 നമ്പർ തീരുമാന പ്രകാരം കേസും സ്റ്റേ ഉത്തരവും വരാൻ ഇടയായത് കരാറുകാരന്റെ വീഴ്ച കൊണ്ടല്ലെന്നും പൂർത്തിയായ പ്രവൃത്തിക്ക് ആനുപാതികമായ തുക ലഭിക്കുവാൻ കരാറുകാരന് അർഹതയുണ്ടെന്നും ആയത് നൽകിയിട്ടുണ്ടെന്നും ഭരണസമിതി വിലയിരുത്തുകയും നിയമോപദേശപ്രകാരം കരാർ ദുർബ്ബലപ്പെടുത്തുന്നതിനും 10.06.2025 ന് കരാറുകാരൻ സമർപ്പിച്ച അപേക്ഷ പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റും പെർഫോമൻസ് ഗ്യാരന്റിയും തിരികെ നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഭിത്തി/ലിന്റൽ വരെയുള്ള നിർമ്മാണം പൂർത്തിയായ നിലയിലാണ് വയോജന വിശ്രമകേന്ദ്രം പകൽവീട് നിർമ്മാണം പ്രോജക്ട് ഉപേക്ഷിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത്.



സ്റ്റേ ഒഴിവാക്കി പ്രവൃത്തി ആരംഭിക്കുവാൻ സാഹചര്യമുണ്ടായിരിക്കെ പ്രോജക്ട് പൂർണ്ണമായും ഉപേക്ഷിച്ചത് വഴി ₹288621 യുടെ ചെലവ് പാഴായിരിക്കുകയാണ്. വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-39 നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചുവരുന്നു-പുനരുജ്ജീവന നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതര വീഴ്ച.

വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ നിരവധി ആസ്തികൾ പ്രോജക്ട് ലക്ഷ്യമിട്ടത് പ്രകാരമുള്ള നിർദ്ദിഷ്ട ആവശ്യത്തിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായതായി പരിശോധനയിൽ കണ്ടെത്തി. സ്ഥായിയായ വരുമാനം ലഭിക്കുന്നതും ഉൽപ്പാദനമേഖലയിലും സേവനമേഖലയിലും വലിയ പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകളുടെ ഭാഗമായി നിർമ്മിച്ച ആസ്തികൾ ഒരു രൂപയുടെ പോലും പ്രയോജനം ലഭിക്കാതെ നശിച്ചു പോകുന്നതായി കണ്ടെത്തുകയുണ്ടായി. ആസ്തിപരിപാലനവുമായി ബന്ധപ്പെട്ട് സൈറ്റ് പ്രദേശത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച ആസ്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുതകൾ ചുവടെ കൊടുക്കുന്നു.

**1. മാടായിപ്പാറയിലെ ടേക് എ ബ്രേക്ക് കെട്ടിടം**

മാടായി പാറയിൽ നിർമ്മാണത്തിലിരിക്കുന്ന വയോജന വിശ്രമകേന്ദ്രം പകൽവീടിന് സമീപത്തുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നതായും പ്രസ്തുത കെട്ടിടത്തിന്റെ ജനൽ ചില്ലുകൾ പൊളിഞ്ഞ് കിടക്കുന്ന നിലയിലും കാണപ്പെട്ടു.



നിർമ്മാണം പൂർത്തീയായെങ്കിലും പ്രവർത്തനക്ഷമമാകാത്ത മാടായിപാറയിലെ ടേക് എ ബ്രേക്ക് കെട്ടിടം

**2. പുതിയങ്ങാടി ബസ് സ്റ്റാൻഡും ടോയ്‌ലെറ്റ് കോംപ്ലക്സും**

മാടായി ഗ്രാമപഞ്ചായത്ത് വർഷങ്ങൾ മുൻപ് തന്നെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും പ്രവർത്തനം ആരംഭിക്കാത്തതും ഇതുവരെ ഉദ്ഘാടനം ചെയ്യാത്തതുമായ പുതിയങ്ങാടി ബസ് സ്റ്റാൻഡിൽ നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സ് പണി പൂർത്തിയാക്കാതെ ജീർണ്ണാവസ്ഥയിലുള്ളതായും ബസ് സ്റ്റാൻഡ് കാത്തിരിപ്പ് കേന്ദ്രങ്ങളിൽ ചാക്കുകളിലും മറ്റും സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും മറ്റ് വാഹനങ്ങൾ സ്റ്റാൻഡിൽ പാർക്ക് ചെയ്തിരിക്കുന്നതായും കാണുവാൻ സാധിച്ചു. പ്രസ്തുത ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനായ ശ്രീ.മുഹമ്മദ് അനസ് 2017-18 വർഷത്തിൽ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചുവെങ്കിലും ഇതുവരെയായും ബിൽ തുക നൽകിയിട്ടില്ല. 2015-16 വർഷത്തിൽ രൂപീകരിച്ച ഏകവർഷ പ്രോജക്ട് ആയ പുതിയങ്ങാടി ബസ് സ്റ്റാൻഡ് ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണം 20.01.2017 ന് മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കോൺട്രാക്ടർ മുഹമ്മദ് അനസ്.സി.സി യും തമ്മിൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിയാണ്. പ്രവൃത്തി നടപ്പിലാക്കിയത് വരെയുള്ള Measurement (27.10.2017) M. Book ൽ (എം ബുക്ക് നമ്പർ 272/16-17) രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയറോ സെക്രട്ടറിയോ കോൺട്രാക്ടറോ പ്രവൃത്തി തുടരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. സൈറ്റ് പരിശോധിച്ചപ്പോൾ ടോയ്‌ലെറ്റ് കോംപ്ലക്സ് ബിൽഡിങ് STRUCTURE പൂർത്തിയായിട്ടുണ്ടെങ്കിലും ക്ലോസെറ്റ്, ഫ്ലോറിംഗ്, ഡോർ തുടങ്ങിയ മറ്റ് കാര്യങ്ങളൊന്നും പൂർത്തിയായതായി കണ്ടില്ല. ഗ്രിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പെയിന്റ് അടിക്കാത്തതിനാൽ വളരെ മോശപ്പെട്ട നിലയിലാണ്. മേൽ കാര്യത്തിൽ ആക്ടീവായ പ്രൊജക്ട് നിലവിൽ ഇല്ല എന്നും കരാർ അനുസരിച്ചുള്ള പ്രവൃത്തികൾ പൂർണ്ണമായും ചെയ്ത് തീർത്ത് കെട്ടിടം രേഖാമൂലം കൈമാറുന്നതിന് കരാറുകാരൻ തയ്യാറാവുമെങ്കിൽ മാത്രമേ ബിൽ തുക നൽകുന്നതിന് പുതിയ പ്രൊജക്ട് രൂപീകരിക്കാൻ ആവൂ എന്നും അത്തരത്തിൽ കരാറുകാരന് നോട്ടീസ് അയച്ച് തുടർ കരാറിൽ ഏർപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.06.2024 തീയതിയിലെ 193/2024 നമ്പർ തീരുമാനപ്രകാരം കരാറുകാരനോട് നിർദ്ദേശിക്കുകയും ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ 2024-25 വർഷത്തിലും പ്രോജക്ട് സ്പിൽ ഓവർ ആയി തുടരുന്നുണ്ട് (നമ്പർ-224/25, പുതിയങ്ങാടി ബസ് സ്റ്റാന്റ് ടോയ്‌ലെറ്റ് നിർമ്മാണം, അടങ്കൽ ₹275000-തനത് ഫണ്ട്).



ഉദ്ഘാടനം ചെയ്യാത്ത പുതിയങ്ങാടി ബസ് സ്റ്റാൻഡിൽ നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സ്

നിഷ്ക്രിയമായ മേൽ സൂചിപ്പിച്ച ആസ്തികൾക്ക് പുറമെ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ബഡ്സ് സ്കൂൾ ബസ് (KL 13 Z 3576) നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിന് സമീപത്തുള്ള പറമ്പിൽ സൂക്ഷിച്ചിട്ടുണ്ട്. ഉപയോഗക്ഷമമല്ലാത്ത കമ്പ്യൂട്ടർ ഉപകരണങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവയും ലേലം ചെയ്ത് കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഉപയോഗശൂന്യമായ ആസ്തികൾ ലേലം ചെയ്യുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 പത്താമുദയം-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹25350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ/പേര് | 269/25, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല (സ്പിൽ ഓവർ) |
